ക്കുന്നു കഴിഞ്ഞ 4 വർഷമായി, അടുത്ത മാസം 15-ാം തീയതിയാകുമ്പോൾ 4 വർഷം ആകുകയാണ്. ആ ദുഃസ്സൂചന ഉൾക്കൊള്ളുന്ന ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഈ കഴിഞ്ഞ നാലു വർഷക്കാലം കൊണ്ട് എന്തു കൊണ്ട് ആ പദ്ധതി പുനരാവിഷ്ക്കരിച്ചില്ല; പെൻഷൻ ചികിത്സാ പദ്ധതി പുനരാവിഷ്ക്കരിക്കാൻ കഴിയാത്ത ഗവൺമെന്റ് 15.3.2001 ലെങ്കിലും ഈ പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഈ പദ്ധതി പുനരാവിഷ്ക്കരിക്കില്ല. ഈ പദ്ധതി ഗവൺമെന്റിന് സ്വീകര്യമല്ല. പക്ഷേ പെൻഷൻകാർക്ക് പ്രയോജനപ്പെടുന്ന ഒരു മെഡിക്കൽ സ്കീം അവരുടെ സംഘടനകളുമായി ചർച്ച ചെയ്ത് 15.3.2001 നുമുൻപേ നടപ്പിലാക്കി സ്കീമിന്റെ ആനുകൂല്യം ഞാനുൾപ്പെടെയുള്ള പെൻഷൻകാർ അനുഭവിക്കാൻ പോകുകയാണ്.

ശ്രീ. എ. അലി ഹസ്സൻ : 1995-96 കാലഘട്ടത്തിൽ കേരളത്തിലെ പെൻഷനേഴ്സ് അവരുടെ ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനം അന്നത്തെ സർക്കാരിൻ നൽകിയിരുന്നു. അവ നടപ്പാക്കാൻ കൂടുതൽ ശ്രദ്ധിച്ചിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെൻഷ്നേഴ്സിന് എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, ജീവനക്കാർക്കുള്ള ഡി.എ. വർദ്ധനവിന് ജി.ഒ. ഇറക്കിയാൽ പെൻഷൻകാർ പിന്നെ വെള്ളത്തിനു വേണ്ടി വേഴാമ്പൽ കാത്തിരുന്നതുപോലെ കാത്തിരുന്നാൽ അവർക്ക് വേറെ ജി.ഒ. വേണം. ഈ ഗവൺമെന്റ് എടുത്ത ഒരു നിലപാട് പെൻഷൻകാർക്കും ജീവനക്കാർക്കും ഒരൊറ്റ ജി.ഒ. യിൽ ഡി.എ. കൊടുക്കാനാണ്. അവരുടെ വലിയൊരു ആവശ്യമായിരുന്നു തങ്ങളെ റിട്ടയേർഡ് ജീവനക്കാരായി കണക്കാക്കണം. ജീവനക്കാർക്കും ഞങ്ങൾക്കും ഒരു ജി.ഒ. വേണമെന്നത്. അതുപോലെതന്നെ അവർക്ക് മെഡിക്കൽ അലവൻസുണ്ട്. അത് തുച്ഛമാണ്. അത് കിട്ടാൻ 65 വയസ്സാകണമെന്നത് ഇപ്പോൾ 60 വയസ്സാക്കി. പെൻഷൻകാർക്ക് മിനിമം 10 കൊല്ലത്തെ സർവ്വീസ് വേണമെന്നുള്ളത് വേണ്ടെന്നുവച്ചു. അങ്ങനെ നിരവധി കാര്യങ്ങൾ ചെയ്തു. പെൻഷന്റെ എമൗണ്ട് തന്നെ ശമ്പള പരിഷ്ക്കരണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ ഇല്ലായിരുന്നു. ആ കാര്യം ഞങ്ങൾ ടേംസ് ഓഫ് റെഫറൻസിൽ വച്ചു. ശംപള കമ്മിഷൻ ശുപാർശ ചെയ്തതിനേക്കാൾ മെച്ചപ്പെട്ട ആനുകൂലങ്ങൾ ഗവൺമെന്റ് കൊടുക്കുകയും ചെയ്തു.

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

1. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*215) അത്യുൽപാദന ശേഷിയും ഗുണമേന്മയേറിയതുമായ നടീൽവസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന് നടപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എ. കണാരൻ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അത്യുൽപ്പാദനശേഷിയും ഗുണമേന്മയേറിയതുമായ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടീൽ വസ്തുക്കൾ വികസിപ്പിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ടിഷ്യൂകൾച്ചറിയുടെ സംസ്ഥാനത്തിനാവശ്യമായ നടീൽവസ്തുക്കൾ വികസിപ്പിച്ചെടുക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്ത് എവിടെയൊക്കെയാണ് ടിഷ്യൂകൾച്ചർ ലാബുകൾ പ്രവർത്തനോന്മുഖമായിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് കൂടുതൽ ടിഷ്യൂ കൾച്ചർ ലാബുകൾ ആരംഭിക്കുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എവിടെയെക്കെയാണ് പുതിയ ലാബുകൾ ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന നടീൽ വസ്തുക്കൾ എപ്രകാരം വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) ടിഷ്യൂകൾച്ചർ ലാബുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന നടീൽ വസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്യുമ്പോൾ വില ഈടാക്കുന്നുണ്ടോ; എങ്കിൽ അതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)

(എ) സ്ഥിരം സംവിധാനമായിതന്നെ സംസ്ഥാനത്ത് ഗുണമേന്മയേറിയ നടീൽ വസ്തുക്കൾ വികസിപ്പിക്കുന്നതിനും അവ വൻതോതിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും കേരള കാർഷിക സർവ്വകലാശാല, മറ്റ് കേന്ദ്രഗവേഷണ കേന്ദ്രങ്ങൾ, കൃഷിവകുപ്പു ഫാമുകൾ, എന്നിവയിലൂടെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാലയിലെ വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ ഉരുത്തിരിച്ചെടുത്ത നടീൽ വസ്തുക്കൾ കൃഷിവകുപ്പു വക ഫാമുകളിൽ ഉല്പാദിപ്പിച്ച് കൃഷിഭവനുകളിലൂടെ വിതരണം ചെയ്യുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) കാർഷിക സർവ്വകലാശാലയുടെ കീഴിൽ വെള്ളാനിക്കര, വെള്ളായണി, അമ്പലവയൽ എന്നീ പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളിലും കായംകുളം ഗവേഷണ കേന്ദ്രത്തിലും ടിഷ്യൂകൾച്ചർ ലാബുകൾ പ്രവർത്തിക്കുന്നു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം കേന്ദ്രമായി 1.25 കോടി രൂപ ചെലവിൽ സർക്കാർ അധീനതയിൽ ഒരു ടിഷ്യൂകൾച്ചർ ലാബ് നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ തിരുവനന്തപുരത്ത് വെള്ളനാട് ഒരു ലാബ് പ്രവർത്തിക്കുന്നുണ്ട്. നാട്ടിക, അടിമാലി എന്നീ പ്രദേശങ്ങളിൽ ഓരോ ലാബിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ഇ) കഴക്കൂട്ടത്തെ സർക്കാർ അധീനതയിലുള്ള ലാബ് പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി തൃശ്ശൂരും കോഴിക്കോട്ടുമായി രണ്ട് ഉപഗ്രഹയൂണിറ്റുകൾ ആരംഭിക്കുന്നതിനും സ്വകാര്യമേഖലയിൽ കൂടുതൽ ലാബുകൾ ആരംഭിക്കുന്നതിനും തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്)കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് കൃഷിഭവനിലൂടെയും കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള സമൃദ്ധി സ്റ്റാളുകളിലൂടെയും വിതരണം ചെയ്യുവാനാണുദ്ദേശിക്കുന്നത്. കാർഷിക സർവ്വകലാശാല നടീൽ വസ്തുക്കൾ ഗവേഷണ കേന്ദ്രങ്ങളിലെ വിജ്ഞാന വിപണന കേന്ദ്രങ്ങൾവഴി വിതരണം ചെയ്തുവരുന്നു.

(ജി) ഉണ്ട്. ഉല്പാദന ചെലവിന് അനുസൃതമായി മിതമായ വിലയ്ക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്യാനാണുദ്ദേശിക്കുന്നത്.

6 (*216) തരിശു നിലങ്ങളിൽ കൃഷി ആരംഭിക്കുവാൻ പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിക്ക് ഉതകുന്ന തരിശുനിലത്തിന്റെ മാപ്പു തയ്യാറാക്കി മണ്ണു പരിശോധനയിലൂടെ പ്രസ്തുത നിലങ്ങളിൽ ഏതൊക്കെ കൃഷിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തി അവിടെ കൃഷി ആരംഭിക്കുവാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ;

(ബി) സംസ്ഥാനത്തെ ശൈത്യ പ്രദേശങ്ങളായ വയനാട്, ഇടുക്കി ജില്ലകളിൽ ശൈത്യമേഖലകളിൽ വളരുന്ന പച്ചക്കറികൾ കൃഷി ആരംഭിക്കുവാൻ ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)

(എ) തരിശുഭൂമിയിൽ അനുയോജ്യമായ കൃഷി ചെയ്യുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി 1850 ഹെക്ടർ ഭൂമിയിൽ കശുമാവ് കൃഷി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വർഷങ്ങളായി കൃഷി ചെയ്തിരിക്കുന്ന നെൽപാടങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്തെ തരിശായി കിടക്കുന്ന പ്രദേശങ്ങൾ മുഴുവൻ കൃഷിക്ക് ഉപയുക്തമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി ഇടുക്കി, വയനാട് ജില്ലകളിൽ ശീതകാല പച്ചക്കറി കൃഷി 500 ഹെക്ടറിൽ ആരംഭിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഇത് കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

7 (*217) വ്യാജമദ്യം ഉല്പാദനവും വിതരണവും തടയുന്നതിന് നടപടി

ശ്രീ. പി. നാരായണൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സി.എൻ. ജയദേവൻ :

LIBRARY ARCHIVES Kerala Legislative Assembly